ഗവ: ഹൈസ്കൂൾ കുറുമ്പാല



# ലിറ്റിൽ ന്യൂസ്

ഫെബ്രുവരി 2025

LK/2018/15088 littlekites15088@gmail.com

## ജി എച്ച് എസ് കുറുമ്പാല

# സ്കൂൾ വാർഷികാഘോഷം






കുപ്പാടിത്തറ:കുറുമ്പാല ഗവ.ഹൈസ്കൂളിൻെറ വാർഷികാഘോഷം (സാദരം 2K25) വൈവിധ്യമാർന്ന പരിപാടികളോടെ സംഘടിപ്പിച്ചു.സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ ആഘോഷ പരിപാടി വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു.ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വി അബ്ദുറഹിമാൻ, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർമാർമാരായ ജോസ് പി എ, ബുഷറ വൈശ്യൻ, ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,പി ടി എ പ്രസിഡൻറ് ഇ കെ ഷറഫുദ്ദീൻ , എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി, എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ,വാർഡ് വികസന സമിതി കൺവീനർ ഇ സി അബ്ദുള്ള, രക്ഷിതാക്കൾ തുടങ്ങിയവർപങ്കെടുത്തു.

ചടങ്ങിൽ 2024 മാർച്ചിലെ SSLC പരീക്ഷയിൽ ഫുൾ എ പ്ലസ് ഗ്രേഡുകൾ നേടിയ ആയിഷ തഹ്‌ലിയ കെ കെ, അയിഷ ഷമീമ പി,ഫൈറൂസ ഫാത്തിമ ടി എ,അൻഷിത കെ എന്നിവരെയും, സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ മുബഷിറ പി പി, ഫാത്തിമത്തു ഫർഹാന,യു എസ് എസ് നേടിയ ആദില ഫാത്തിമ, ഷിഫാന ഷെറിൻ എന്നിവരെയും അവരുടെ രക്ഷിതാക്കളെയും ആദരിച്ചു.

2024-25 അധ്യയന വർഷം മികച്ച അക്കാദമിക മികവ് പുലർത്തിയ അമൽ ഹബീബ്(ക്ലാസ്-1),ഫാത്തിമ ഷെറിൻ(ക്ലാസ്-2),മുഹമ്മദ് ഷയാൻ(ക്ലാസ്-3), മുഹമ്മദ് യാസിർ (ക്ലാസ്-4 A) മുഹമ്മദ് നുഅ്മാൻ (ക്ലാസ്-4B), നിവേദ് കെ എസ്(ക്ലാസ്-5A),മുഹമ്മദ് സഫ്‌വാൻ (ക്ലാസ്-5B),ഹന്ന ഫാത്തിമ(ക്ലാസ്-6A),മിൻഹ ഫാത്തിമ (ക്ലാസ്-6B),കീർത്തന(ക്ലാസ്-7A), നിദാ ഫാത്തിമ(ക്ലാസ്-7B), അഫ്‌സില പി എം (ക്ലാസ്-8A), ആദില ഫാത്തിമ (ക്ലാസ്-8B),നാജിയ ഫാത്തിമ (ക്ലാസ്-9), മുബഷിറ പി പി(ക്ലാസ്-10) എന്നീ കുട്ടികൾക്കുള്ള ഉപഹാരവും ചടങ്ങിൽനൽകുകയുണ്ടായി.

ദീർഘ കാലം സ്കൂളിൻറെ പി ടി എ പ്രസിഡൻറായിരുന്ന കെ മുഹമ്മദ് ഷാഫിയേയും ഉപഹാരം നൽകി ആദരിച്ചു. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കിയ പ്രഥമ എൽ കെ ഇല്ലുമിനേഷൻ അവാർഡ് വിതരണവും ചടങ്ങിൽ നടത്തി. പ്രീ പ്രൈമറി മുതൽ ഹൈസ്കൂൾ വരെയുള്ള കുട്ടികളുടെ കലാപരിപാടികളും വിഭവ സമൃദ്ധമായ ഉച്ചഭക്ഷണവും ആഘോഷ പരിപാടി ഗംഭീരമാക്കി.

# എൽ കെ ഇല്ലുമിനേഷൻ അവാർഡ്

## അദ്വൈത് എസ് കൃഷ്ണയ്ക്ക് സമ്മാനിച്ചു





കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കിയ പ്രഥമ എൽ കെ ഇല്ലുമിനേഷൻ അവാർഡിന് പൂതാടി ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർഥിയായ അദ്വൈത് എസ് കൃഷ്ണ അർഹനായി.ആയിരത്തി ഒന്ന് രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വി അബ്ദുറഹിമാൻ സമ്മാനിച്ചു. ചടങ്ങിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ,ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ,ഗ്രാമ പഞ്ചായത്ത് മെമ്പർമാർമാരായ ജോസ് പി എ, ബുഷറ വൈശ്യൻ, ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,പി ടി എ പ്രസിഡൻറ് ഇ കെ ഷറഫുദ്ദീൻ,എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി,എം പി ടി എ പ്രസിഡൻ്റ് ഗീത ചന്ദ്രശേഖരൻ,വാർഡ് വികസന സമിതി കൺവീനർ ഇ സി അബ്ദുള്ള,രക്ഷിതാക്കൾ,കുട്ടികൾ പങ്കെടുത്തു.




വയനാട് ജില്ലയിലെ ഗവൺമെൻറ്, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ച അനിമേഷൻ മത്സരത്തിലൂടെയാണ് പുരസ്കാര ജേതാവിനെ കണ്ടെത്തിയത്.റോഡ് സുരക്ഷാ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടിപ്പിച്ച അനിമേഷൻ നിർമ്മാണ മത്സരത്തിൽ ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ പങ്കെടുത്തിരുന്നു. അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുക,പ്രോത്സാഹിപ്പിക്കുക, അംഗീകരിക്കുക,സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം ഒരുക്കുന്നത്.

# കലോത്സവ പ്രതിഭകളെ ആദരിച്ചു





കുപ്പാടിത്തറ: തിരുവനന്തപുരത്ത് വെച്ച് നടന്ന അറുപത്തിമൂന്നാമത് കേരള സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം (ജനറൽ) കഥാരചന ഉർദ്ദു,പ്രസംഗം ഉർദു, ഉപന്യാസം ഉർദു, എന്നീ മത്സരങ്ങളിൽ എ ഗ്രേഡ് നേടി വിദ്യാലയത്തിന്റെ യശസുയർത്തിയ പ്രതിഭകളെ സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ ആദരിച്ചു. ഉർദു ഉപന്യാസത്തിൽ മുബഷിറ എ ഗ്രേഡ് നേടിയപ്പോൾ ഉർദു കഥാരചനയിലും പ്രസംഗത്തിലും എ ഗ്രേഡ് നേടി ഫാത്തിമത്തു ഫർഹാന ഇരട്ട നേട്ടത്തിന് അർഹയായി.ഇവർക്കുള്ള വിദ്യാലയത്തിന്റെ ഉപഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർവിതരണംചെയ്തു.

# SSLC 2024- ഫുൾ എ പ്ലസുകാരെ ആദരിച്ചു






2024 മാർച്ചിലെ SSLC പരീക്ഷയിൽ ഫുൾ എ പ്ലസ് ഗ്രേഡുകൾ നേടി അഭിമാന താരങ്ങളായ ആയിഷ തഹ്‌ലിയ കെ കെ,അയിഷ ഷമീമ പി, ഫൈറൂസ ഫാത്തിമ ടി എ,അൻഷിത കെ എന്നിവരെ ആദരിച്ചു.സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ വയനാട് ജില്ലാ  പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ വിദ്യാലയത്തിൻെറ ഉപഹാരവും ക്യാഷ് അവർഡും സമ്മാനിച്ചു.

# യു എസ് എസ് വിജയികളെ അനുമോദിച്ചു




2024 വർഷത്തെ യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം നേടി ജി എച്ച് എസ് കുറുമ്പാലയുടെ അഭിമാന താരങ്ങളായ ആദില ഫാത്തിമ,ഷിഫാന ഷെറിൻ എന്നിവരെ ആദരിച്ചു.സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ വയനാട് ജില്ലാ  പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ വിദ്യാലയത്തിൻെറ ഉപഹാരം സമ്മാനിച്ചു.

# മുഹമ്മദ് ഷാഫിയെ ആദരിച്ചു

കുപ്പാടിത്തറ: ദീർഘകാലം കുറുമ്പാല ഹൈസ്കൂളിൻെറ പി ടി എ പ്രസിഡൻറായിരുന്ന കെ മുഹമ്മദ് ഷാഫിയെ സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ ആദരിച്ചു.വിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ച അദ്ദേഹത്തിനുള്ള സ്ഥാപനത്തിൻെറ ഉപഹാരം വയനാട് ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ്ബഷീർ സമ്മാനിച്ചു.



# അക്കാദമിക് എക്സലൻസ് അവാർഡുകൾ നൽകി





കുപ്പാടിത്തറ: 2024-25 അധ്യയന വർഷം മികച്ച അക്കാദമിക മികവ് പുലർത്തിയ കുട്ടികളെ അനുമോദിച്ചു.ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ നിന്ന് കൂടുതൽ മികവ് പുലർത്തിയവരെയാണ് ഇതിനായി തെരഞ്ഞെടുത്തത്.അമൽഹബീബ്(ക്ലാസ്-1),ഫാത്തിമ ഷെറിൻ (ക്ലാസ്-2),മുഹമ്മദ്ഷയാൻ(ക്ലാസ് -3),മുഹമ്മദ് യാസിർ (ക്ലാസ്-4 A) മുഹമ്മദ്നുഅ്മാൻ (ക്ലാസ്-4B), നിവേദ് കെ എസ്(ക്ലാസ്-5A), മുഹമ്മദ് സഫ്വാൻ (ക്ലാസ്-5B), ഹന്ന ഫാത്തിമ (ക്ലാസ്-6A),മിൻഹ ഫാത്തിമ (ക്ലാസ്-6B), കീർത്തന (ക്ലാസ്-7A),നിദാ ഫാത്തിമ(ക്ലാസ്-7B),അഫ്സില പി എം(ക്ലാസ്-8A), ആദില ഫാത്തിമ(ക്ലാസ്-8B),നാജിയ ഫാത്തിമ (ക്ലാസ്-9),മുബഷിറ പി പി(ക്ലാസ്-10) എന്നിവർക്കുള്ള ഉപഹാരം സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ജോസ് പിഎ,ബുഷറ വൈഷ്യൻ എന്നിവർ സമ്മാനിച്ചു.

# കണക്ക് വയനാട് പദ്ധതി ഉദ്ഘാടനം ചെയ്തു

കുറുമ്പാല: വയനാട് ജില്ലാ പഞ്ചായത്തിൻെറ പട്ടിക വർഗ്ഗ പ്രോത്സാഹന പദ്ധതിയായ കണക്ക് വയനാട്-ൻെറ ഭാഗമായി സ്കൂളിൽ നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വാർഡ് മെമ്പർ ബുഷറ വൈശ്യൻ, പിടിഎ പ്രസിഡൻറ് ഇ കെ ശറഫുദ്ദീൻ, ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,റിസോഴ്സ് പേർസൺ മുഹമ്മദലി മാസ്റ്റർ, സീനിയർ അസിസ്റ്റൻറ് സിബി ടി വി എന്നിവർ പങ്കെടുത്തു.കുട്ടികൾക്ക് നൽകിയ മോട്ടിവേഷൻ ക്ലാസുകൾക്ക് ഡി പി സി സുരേഷ് മാസ്റ്റർ,മുഹമ്മദലി മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

## ക്യാമ്പ് സന്ദർശിച്ചു



കുപ്പാടിത്തറ:എസ് എസ് എൽ സി പരീക്ഷാ ഒരുക്കങ്ങളിടെ ഭാഗമായി വിദ്യാലയത്തിലെ പത്താം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന പഠന ക്യാമ്പ് വയനാട് ജില്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ സന്ദർ ശിക്കുകയും ക്യാമ്പിലെ പ്രവർത്തനങ്ങൾ വില യിരുത്തുകയുംചെയ്തു.

## എൽ കെ വെരിഫിക്കേഷൻ



കുപ്പാടിത്തറ: 2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അസൈൻമെൻറ് വെരിഫിക്കേഷൻ നടത്തി.വയനാട് കൈറ്റിലെ മാസ്റ്റർ ട്രൈനർ റൗഫ് പരിശോധന നടത്തുകയും,വർക്കുകൾ മികച്ച നില വാരം പുലർത്തുന്നതാണെന്ന് അഭിപ്രായം രേഖ പ്പെടുത്തുകയുംചെയ്തു.

## സ്ഥാപന സന്ദർശനം നടത്തി



കുപ്പാടിത്തറ: പഠന പ്രവർത്തനത്തിൻെറ ഭാഗംമായി വിദ്യാല യത്തിലെ പ്രീ പ്രൈ മറി വിദ്യാർത്ഥികൾ പ്രാഥമിക ശുശ്രൂഷ കേന്ദ്രം ബാങ്ക്കുന്ന്, പോസ്ററ് ഓഫീസ് മുണ്ടക്കുറ്റി എന്നീ സ്ഥാപനങ്ങൾ സന്ദർ ശിച്ചു.

## ക്ലാസ് നൽകി

കുപ്പാടിത്തറ: സി എസ് ആർ പ്രൊജക്റ്റിൻെറ ഭാഗമായി പ്രവർത്തിക്കുന്ന പി&ജി കമ്പനിയുടെ നേതൃത്വത്തിൽ കുറുമ്പാല ഹൈസ്കൂളിലെ ആറ്, ഏഴ് ക്ലാസുകളിലെ പെൺകുട്ടികൾക്കായി മെൻ സ്ട്രൽ ഹൈജിൻ എന്ന വിഷയത്തെ ആസ്പതമാക്കി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

ക്ലാസ് സ്കൂൾ ഹെഡ്മാസ്റ്റർ കെ അബ്ദുൽ റഷീദ് ഉദ്ഘാടനം ചെയ്തു.സ്ററുഡെൻറ് കൗൺസിലർ അശ്വതി ക്ലാസിന് നേതൃത്വം നൽകി.

## സ്റ്റാഫ് ടൂറ് സംഘടിപ്പിച്ചു



കുപ്പാടിത്തറ:കുറുമ്പാല ഹൈസ്കൂളിലെ സ്റ്റാഫംഗ ങ്ങളുടെ സൗഹൃദ യാത്ര സംഘടിപ്പിച്ചു.വടകര ഇരി ങ്ങൽ ക്രാഫ്റ്റ് വില്ലേജ്,അകലാപ്പുഴ,തിക്കോടി ബീ ച്ച്എന്നിവസന്ദർശിച്ചു.

## യാത്രയയപ്പ് നൽകി



GOVT: HIGH SCHOOL KURUMBALA S.S.L.C BATCH: 2024-2025

കുപ്പാടിത്തറ:പത്താം തരം പഠനം പൂർത്തിയാക്കി പോകുന്ന 2024-25 ബാച്ച് അംഗങ്ങൾക്ക് യാത്രയ പ്പ് നൽകി.സ്കൂൾ ഹെഡ്മാസ്റ്റർ കെ അബ്ദുൽ റഷീദ് ഉദ്ഘാടനംചെയ്തു.

### മറ്റ് പ്രധാനവാർത്തകൾ

* SSLC പരീക്ഷ 2025 മാർച്ച് 3 മുതൽ ആരംഭിക്കും.
* ചരിത്രത്തിലാദ്യമായി കേരളം രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ പ്രവേശിച്ചു.
*അന്താരാഷ്ട്ര ക്രിക്കറ്റിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ ക്യാച്ചെടുത്ത (159) റെക്കോഡിനും,ഏകദിന ക്രിക്കറ്റിൽ അതിവേഗം 14000 റൺസ് തികയക്കുന്ന താരം എന്ന റിക്കാർഡിനും വിരാട് കോഹ്ലി അർഹനായി.

**വാർത്തകൾ തയ്യാറാക്കിയത്**

ഫാത്തിമ നാജിയ,വിസ്മയ, സുകന്യ, അമൃത,